(എഫ്) അതിനുള്ള കാരണം എന്താണ് ;

(ജി) നബാർഡ് തടഞ്ഞുവച്ചിട്ടുള്ള വായ്പാ സഹായം ലഭിക്കുന്നതിന് സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് വിശദീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാന സഹകരണബാങ്കിന് പുനർവായ്പാ സഹായം നബാർഡ് അനുവദിച്ചില്ല.

(ബി) 79.01 കോടി രൂപ.

(സി) മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥയുടെ കാരണം പറഞ്ഞ് നബാർഡ് പുനർവായ്പ അനുവദിക്കുന്നില്ലായിരുന്നു. ജില്ലാ സഹകരണബാങ്കുകൾ ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിച്ചു എന്ന കാരണത്തിന്മേൽ ഇപ്പോഴും നബാർഡ് പഴയനിലപാട് തുടരുകയാണെന്ന് സംസ്ഥാന സഹകരണ ബാങ്ക് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി)

1.	ഹ്രസ്വകാല കൈത്തറി വായ്പ	42.93 കോടി രൂപ
2.	കയർ വായ്പ	14.66 കോടി രൂപ
3.	വ്യവസായ വായ്പ	0.75 കോടി രൂപ
4.	പദ്ധതി വായ്പ	20.67 കോടി രൂപ
	ആകെ	79.01 കോടി രൂപ

(ഇ) 197.66 കോടി രൂപ.

(എഫ്) മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥ പാലിച്ചില്ല എന്നതാണ് പ്രധാന കാരണം.

(ജി) നബാർഡിന്റെ മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥകൾക്ക് മാറ്റം വരുത്തുന്നതിന് സർക്കാർ എടുത്തിട്ടുള്ള നടപടികൾ തുടരേണ്ടതുണ്ട്. അത് തുടരുന്നുണ്ട്. സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ബാങ്കുകൾക്ക് നിയമാനുസൃതം പ്രവർത്തിക്കാനുള്ള അവകാശം നിഷേധിക്കുന്ന നബാർഡിന്റെ നിലപാടിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർവ്വേ

10 (*188) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പുറംപോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ പുറംപോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളിൽ ഓരോ വിഭാഗവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുറംപോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ പുനരധിവസിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പുനരധിവാസ നടപടികളിലൂടെ ഇതിനകം എത്രപേർക്ക് സ്വന്തമായി വീട് നിർമ്മിച്ചു നല്കി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 1997-98 മുതൽ പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതിക്കാരുടെ പുനരധിവാസ പദ്ധതി ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുഖേന നടപ്പിലാക്കിവരുന്നു. അതുപോലെ പുറംപോക്കിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 1998-99, 1999-2000 വർഷങ്ങളിൽ പദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതിപ്രകാരം 4 സെന്റ് ഭൂമിയിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 15000 രൂപയും ഭവനനിർമ്മാണത്തിന് സാധാരണ സ്ഥലങ്ങളിൽ 35000 രൂപയും ദുർഘടപ്രദേശങ്ങളിൽ 20 ശതമാനം കൂടുതൽ നിരക്കും അനുവദിക്കുന്നു. കൂടാതെ വയറിംഗ് ഗ്രാന്റായി 500 രൂപയും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുന്നതിന് 400 രൂപയും അനുവദിച്ചുവരുന്നു. മലപ്പുറം, എറണാകുളം, വയനാട്, കൊല്ലം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. പുറംപോക്കിൽ താമസിച്ചിരുന്ന പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി 1997-98-ൽ 400 വീടുകളും 1998-99 വർഷം 402 വീടുകളും 1999-2000 വർഷം 300 വീടുകളും ഉൾപ്പെടെ 1102 പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടത്തിയിട്ടുണ്ട്. അതുപോലെ 1998-99-ൽ എറണാകുളം ജില്ലയിലെ 7 പട്ടികവർഗ്ഗ കുടുംബങ്ങളെയും 1999-2000-ൽ മലപ്പുറം, കൊല്ലം, വയനാട്, ജില്ലകളിലെ 24 കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly